**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2914** **28-02-2023 - ൽ മറുപടിയ്ക്ക്**

**പഞ്ചായത്തുകളിലെ ജലസ്രോതസ്സുകളുടെ സംരക്ഷണവും നവീകരണവും.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പഞ്ചായത്തുകളിലെ പ്രധാന ജലസ്രോതസ്സുകളും, കുളങ്ങളും സംരക്ഷിക്കുന്നതിനും നവീകരിക്കുന്നതിനും ഭൂജല വകുപ്പ് നടപടി സ്വീകരിച്ചു വരുന്നുണ്ടോ; | (എ) | ഭൂജല വകുപ്പ് ഉറന്ന കിണർ / കുഴൽക്കിണർ / മഴക്കുഴികൾ വഴിയുള്ള ഭൂജലസംപോഷണം, ചെറിയ തടയണകൾ, അടിയണകൾ, ചെറിയ കുളങ്ങളുടെ പുനരുജ്ജീവനം എന്നീ പ്രവർത്തനങ്ങൾ വകുപ്പിന്റെ പ്ലാൻ പദ്ധതിയായ 'ഭൂജല സംരക്ഷണവും സംപോഷണവും' മുഖേന നടപ്പിലാക്കി വരുന്നു.<br><br>കൂടാതെ കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ച ജലസംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി നടപ്പിലാക്കി വരുന്ന 'ജൽ ശക്തി അഭിയാൻ' – Catch the rain programme – 2022 – ന്റെ ഭാഗമായി വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ തനത് ഫണ്ട് ഉപയോഗപ്പെടുത്തി വിവിധ ജലസംരക്ഷണ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | ഓരോ വർഷവും ഓരോ പഞ്ചായത്തിലും ഒരു ജലസ്രോതസ്സെങ്കിലും നവീകരിച്ച് സംരക്ഷിക്കുന്നതിന് ആവശ്യമായ ഫണ്ടും അനുമതിയും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | ഭൂജല വകുപ്പിന് 2022 – 23 സാമ്പത്തിക വർഷം ബജറ്റ് വിഹിതമായി 900 ലക്ഷം രൂപ ഭൂജല സംപോഷണ പ്രവർത്തികൾക്ക് അനുവദിച്ചിട്ടുണ്ട്. 923 ലക്ഷം രൂപയുടെ 304 എണ്ണം വിവിധ ഭൂജല സംപോഷണ പദ്ധതികൾ നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി ജില്ലകൾക്ക് നൽകിയിട്ടുണ്ട്. 97 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി പ്രവർത്തനങ്ങൾ ജില്ലകളിൽ പുരോഗമിച്ചു വരുന്നു.<br><br>2023 – 24 സാമ്പത്തിക വർഷം ബജറ്റ് വിഹിതമായി 900 ലക്ഷം രൂപ ഭൂജല സംപോഷണ പ്രവർത്തികൾക്ക് അനുവദിച്ചി ട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഭൂജല സംപോഷണ പ്രവർത്തനങ്ങൾ വിവിധ ജില്ലകളിൽ ഏകോപിപ്പിക്കുന്നതിനു നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ